# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## സഭാപ്രതിനിധി മണ്ഡലം 2018

## അദ്ധ്യക്ഷപ്രസംഗം

### മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

ഭാരത റിപ്പബ്ളിക്കിന്റെ സർവ്വാദരണീയ പ്രശംസാപത്രമായ പത്മഭൂഷൺ എന്ന ആദരവ് ഏറ്റു വാങ്ങി, ജന്മശതാബ്ദി പൂർത്തീകരിച്ച് 101-ാം സംവൽസരത്തിന്റെ ധന്യതയിലൂടെ ദൈവകൃപയുടെ അനുഗ്രഹാശിസുകൾ ഏറ്റുവാങ്ങി, ഇന്ത്യൻ ദേശീയതയുടെയും സാംസ്കാരികതയുടെയും സമുന്നത മാതൃകയായി സർവ്വോപരി ദൈവം സൃഷ്ടിച്ച ആദിമനുഷ്യനിൽ പ്രശോഭിതമായിരുന്ന ദൈവത്തിന്റെ മനുഷ്യമുഖം ഇന്ന് സഭയിലും സമൂഹത്തിലും പ്രകാശിപ്പിക്കുന്ന മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അഭിമാന ജ്യോതിസായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി, സഹോദര മേൽപ്പട്ടക്കാരെ, വൈദികരെ, സഭാകൗൺസിൽ അംഗങ്ങളെ, സഭാപ്രതിനിധി മണ്ഡലാംഗങ്ങളെ, സന്ദർശകരായി എത്തിച്ചേർന്നിരിക്കുന്നവർ ഉൾപ്പെടെയുള്ള വിശ്വാസസമൂഹമെ നിങ്ങൾക്കേവർക്കും ക്രിസ്തുയേശുവിന്റെ നിസ്തുല്യനാമത്തിൽ സ്നേഹവന്ദനം.

മനുഷ്യജീവിതത്തെ ചൈതന്യനിർഭരമാക്കിത്തീർക്കുന്നതും ധന്യമാക്കിത്തീർക്കുന്നതുമായ സമ്പൂർണ്ണ മാനവികതയുടെ സൂര്യോദയം നാം ദർശിക്കുന്നത് നീതിയിൻ സൂര്യനായ യേശുക്രിസ്തുവിൽകൂടി സർവസൃഷ്ടികളുടെയും സ്രഷ്ടാവായ ദൈവം വെളിപ്പെടുത്തിയതായ ദൈവത്തിന്റെ മനുഷ്യമുഖത്തിന്റെ പ്രതിശ്ചായയിലത്രെ.

ആ മുഖം ലോകം ഇന്നുവരെയും ദർശിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും നിസ്തുല്യമായ സ്നേഹത്തിന്റെ മുഖമായിരുന്നു.

ആ മുഖം കലർപ്പില്ലാത്ത നീതിയുടെ മുഖമായിരുന്നു.

ആ മുഖം നിത്യമായ സത്യത്തിന്റെ മുഖമായിരുന്നു.

ആ മുഖം സ്വന്തം ജീവൻ കൊടുത്ത് അപരനു സമൃദ്ധിയായ ജീവൻ സമ്മാനിക്കുന്ന നിത്യജീവന്റെ മുഖമായിരുന്നു.

ആ മുഖം സർവജനത്തിനുമുള്ള മഹാസന്തോഷത്തിന്റെയും ശാന്തിയുടെയും മുഖമായിരുന്നു.

ആ മുഖം പാപികളെ തേടിച്ചെന്നു വീണ്ടെടുക്കുന്ന കൃപയുടെ മുഖമായിരുന്നു.

താൻ വെളിപ്പെടുത്തിയ പിതാവായ ദൈവത്തിന്റെ ആ മുഖത്തെക്കുറിച്ചാണ് 'എന്നെക്കണ്ടവൻ എന്റെ പിതാവിനെ കണ്ടിരിക്കുന്നു' എന്ന് നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു പ്രഖ്യാപിച്ചത്. പുരോഹിതനായ സെഖര്യാവ് നാവിന്റെ കെട്ടഴിഞ്ഞപ്പോൾ "ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ച് നമ്മുടെ കാലുകളെ സമാധാനമാർഗത്തിൽ നടത്തേണ്ടതിന് ആ ആർദ്രകരുണയാൽ ഉയരത്തിൽ നിന്നും ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു" (ലൂക്കൊസ് 1:78,79) എന്നും നൂറ്റാണ്ടുകളായി ലോകം കാണുവാൻ കൊതിച്ചിരുന്ന ആ മുഖം നേരിൽ കാണുവാൻ ഭാഗ്യം സിദ്ധിച്ച അപ്പൊസ്തലന്മാരിൽ ഒരുവനും സുവിശേഷകനുമായ വിശുദ്ധ യോഹന്നാൻ ശ്ലീഹാ സുവിശേഷം എഴുതിയപ്പോൾ "വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസായി കണ്ടു" (യോഹ. 1:14) എന്നും "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല: പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു" (യോഹ. 1:18) എന്നും സാക്ഷ്യപ്പെടുത്തിയത് ആ മുഖദർശനത്തെക്കുറിച്ചായിരുന്നു. ഉദയസൂര്യന്റെ മുഖദർശനത്തിൽ വിരിയുന്ന താമരപോലെ ഈ ദൈവമുഖ ദർശനത്തിൽ വിരിയുന്നതും ആ മുഖദർശനത്തിൽ എന്നും ആയിരിക്കുന്നതും പ്രതിഫലിപ്പിക്കുന്നതുമാണ് ഒരു വിശ്വാസിയുടെ ജീവിത ധന്യത എന്തെന്ന് വ്യക്തമാക്കിക്കൊണ്ടാണ് നമ്മുടെ ഭാരതത്തിന്റെ ദേശീയ കവിയായ മഹാകവി രവീന്ദ്രനാഥ ടാഗോർ 'ഗീതാഞ്ജലി' യിൽ ഇപ്രകാരം പ്രാർത്ഥിച്ചത് -

"എന്റെ ജീവാധിനാഥാ, ദിനന്തോറും ഞാനങ്ങേയ്ക്ക് മുഖാമുഖം നിൽക്കട്ടയോ?

ലോകാധിനാഥാ, കൂപ്പിയ കൈകളോടെ ഞാനങ്ങേക്ക് മുഖാമുഖം നിന്നുകൊള്ളട്ടെയോ?

അങ്ങയുടെ ആകാശത്തിനു കീഴിൽ, ഏകാന്തതയിലും നിശ്ശബ്ദതയിലും വിനീതഹൃദയവുമായി ഞാനങ്ങേയ്ക്ക് മുഖാമുഖം നിന്നുകൊള്ളട്ടെയോ?

അദ്ധ്വാനവും യാതനകളും നിറഞ്ഞ അങ്ങയുടെ ഈ ലോകത്തിൽ തിരക്കിട്ടുപോകുന്ന ആൾക്കൂട്ടത്തിൽ ഞാനങ്ങേയ്ക്ക് മുഖാമുഖം നിന്നുകൊള്ളട്ടെയോ?
ഈ ലോകത്തിലെന്റെ പ്രവൃത്തികൾ നിവൃത്തിയായിക്കഴിയുമ്പോൾ, എന്റെ രാജാധിരാജാ, ഏകനും നിശ്ശബ്ദനുമായി ഞാനങ്ങേയ്ക്ക് മുഖാമുഖം നിന്നുകൊള്ളട്ടെയോ."
ഒരു യഥാർത്ഥ ഭക്തന്റെ എക്കാലത്തേയും ഹൃദയത്തിൽ നിന്നുണരുന്ന ഒരു പ്രാർത്ഥനയാണിത്.

ഈ മുഖദർശനത്തിൽ നിന്നും നാം മാറിപ്പോകുമ്പോൾ പാപത്തിന്റെ കരിമുകിലുകൾ നമ്മുടെ അന്തരംഗത്തെയും ജീവിതത്തെയും വന്നു മൂടും എന്ന വസ്തുതയും നാം മറന്നുപോകരുത്. ആദിമനുഷ്യൻ വിലക്കപ്പെട്ട കനി ഭക്ഷിച്ച് പാപം ചെയ്യുന്നതിനു മുൻപ് 'ആദമേ, നീ എവിടെ?' എന്ന ചോദ്യം ഉയരുന്നില്ല എന്ന കാര്യം നാം ഓർക്കണം. പാപം ചെയ്ത മനുഷ്യന് തേജസിന്റെ വസ്ത്രം നഷ്ടപ്പെടുകയും തന്റെ നഗ്നതയെക്കുറിച്ച് ബോധ്യം വരികയും ദൈവത്തെ മുഖാമുഖം അഭിമുഖീകരിപ്പാൻ കെൽപ്പില്ലാതെ മരത്തിന്റെ മറവിൽ മറഞ്ഞിരിക്കുവാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ് "ആദമേ, നീ എവിടെ"? എന്ന ദൈവത്തിന്റെ ശബ്ദം ഏദൻ തോട്ടത്തിൽ മുഴങ്ങുന്നത്. ഇന്നു നാം ഏതവസ്ഥയിലാണ്? തന്റെ പുത്രന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരായി, ദൈവമക്കളെന്ന പദവിയിലേക്കുയർത്തി ദൈവം നമ്മെ നിയോഗിക്കുന്നത് ഒലിവു വൃക്ഷവും ഒലിവു തൈകളും എന്നപോലെ, പിതാവിനോട് ചേർന്നിരിക്കുന്ന മക്കളെന്നപോലെ എന്നും ജീവിക്കുവാനാണ്. ആ മുഖദർശനത്തിൽ നിന്നും നമ്മെ അകറ്റുന്നതെല്ലാം പാപത്തിന്റെ വഴികളാണ്. 'ധൂർത്ത പുത്രന്റെ ഉപമ'യിലൂടെ നമ്മുടെ കർത്താവ് വെളിപ്പെടുത്തിയത് ഈയൊരു യാഥാർത്ഥ്യമാണ്. തന്റെ പിതാവിന്റെ ഭവനത്തിൽ പിതാവിനോടൊപ്പം വസിച്ച് പുത്രത്വത്തിന്റെ എല്ലാവിധമായ സ്വാതന്ത്ര്യവും അവകാശങ്ങളും ആസ്വദിച്ചിരുന്ന ഇളയമകൻ അതുകൊണ്ടൊന്നും തൃപ്തി വരാതെ തനിക്കു അവകാശമായി വരേണ്ടതു പിതാവിനോടു കണക്കുപറഞ്ഞ് വാങ്ങിച്ച് വീടുവിട്ടു പോകുമ്പോൾ യഥാർത്ഥത്തിൽ അവനു നഷ്ടപ്പെടുന്നത് വീടുമാത്രമല്ല, ജീവിതത്തെ സ്നേഹത്താൽ സ്വർഗതുല്യമാക്കിയ ഒരു പിതാവിന്റെ സാന്നിധ്യം കൂടിയാണ്. പിതാവിന്റെ മുഖദർശനത്തേക്കാൾ ലോകത്തിന്റെ മായാമുഖങ്ങളെ തേടിപ്പോയ ആ ഇളയ പുത്രനെപ്പോലെയല്ലേ പാപത്തിന്റെ ക്ഷണികസുഖങ്ങൾ തേടി ലോക യിമ്പങ്ങളുടെ പിറകെ പോകുന്ന ഇന്നത്തെ മനുഷ്യനും എന്നു ചിന്തിക്കേണ്ടതാണ്. യേശു ആ ഉപമയിൽ വീടുവിട്ടിറങ്ങിയ ആ പുത്രനെക്കുറിച്ച് പറയുമ്പോൾ 'ദൂരദേശത്തേക്കു യാത്രയായി' എന്നാണ് പറഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ ദൂരദേശം എന്നു പറഞ്ഞാൽ എന്താണ്? ഭൂമിശാസ്ത്രപരമായ അകൽച്ചയല്ല ദൂരദേശം എന്നു പറയുമ്പോൾ അർത്ഥമാക്കേണ്ടത്. പിതാവിൽ നിന്നും അന്യപ്പെട്ടിരിക്കുന്നവർ എവിടെ ആയിരുന്നാലും, സ്വന്തം ഭവനത്തിൽ ആയാൽപോലും അതു ദൂരദേശം തന്നെയാണ്. ആത്മീയമായി ചിന്തിക്കുമ്പോൾ ദൈവത്തിൽ നിന്നും നാം ഓടിയകലുമ്പോൾ നാം സൃഷ്ടിക്കുന്ന പാപത്തിന്റെ പുതിയ ലോകങ്ങളിൽ നാം ആയിത്തീരുകയാണ്. എല്ലാം നഷ്ടപ്പെടുത്തിയ ആ മകൻ ചെന്നു ചേർന്നത് എവിടെയാണ്? പിതാവിന്റെ ഭവനത്തിൽ പിതാവിന്റെ സ്നേഹം നുകർന്നും ആ ദർശനത്തിന്റെ എല്ലാ സൗഭാഗ്യങ്ങളും നുകർന്നും കഴിഞ്ഞവൻ എത്തിച്ചേർന്നത് പന്നികളുമായുള്ള കൂട്ടായ്മയിലാണ്. യെഹൂദന്മാർ വെറുപ്പോടെ കണ്ടിരുന്ന പന്നികളുടെ കൂട്ടിൽ അവൻ എത്തിച്ചേർന്ന് അവിടെ ഉപജീവനത്തിനുള്ള മാർഗം കണ്ടെത്താൻ ശ്രമിച്ചു എന്നു പറഞ്ഞാൽ ജീവിതത്തിന്റെ ഏറ്റവും മ്ലേച്ഛമായ അനുഭവത്തിൽ അവൻ ആയിത്തീർന്നു എന്നു നാം തിരിച്ചറിയണം. ദൈവനിയോഗത്തിന്റെ വഴികളിൽ നിന്നും ദൈവസാന്നിധ്യത്തിന്റെ സന്തോഷത്തിൽ നിന്നും അന്യപ്പെട്ട് ലോകമോഹങ്ങളെ തേടിപ്പോയാൽ അവയെല്ലാം ആ ഇളയമകന് ലഭിച്ചതുപോലുള്ള പന്നിക്കൂടിന്റെ അനുഭവങ്ങൾ മാത്രമേ ആത്യന്തികമായി സമ്മാനിക്കുകയുള്ളൂ എന്നത് ചരിത്രം പഠിപ്പിച്ചു തന്നിട്ടുള്ളതും ഇന്നും പഠിപ്പിച്ചു തന്നുകൊണ്ടിരിക്കുന്നതുമായ പാഠങ്ങളും മുന്നറിയിപ്പുകളാണ്. എപ്പോഴാണ് ധൂർത്തപുത്രന് ഒരു രൂപാന്തരമുണ്ടായത്? എന്നു കൂടി പരിഗണിക്കേണ്ടതായിട്ടുണ്ട്. അവൻ ചോദിച്ചുവാങ്ങിക്കൊണ്ടുപോന്ന സ്വത്തെല്ലാം അവനു നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. പിതാവിന്റെ ഭവനത്തിൽ അവൻ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യത്തിന്റെ സന്തോഷങ്ങളും പദവികളുമെല്ലാം അവൻ നഷ്ടപ്പെടുത്തിക്കളഞ്ഞിരുന്നു. എന്നാൽ എല്ലാം നഷ്ടപ്പെടുമ്പോഴും അവനിൽ ചില ഓർമ്മകൾ നഷ്ടപ്പെടാതെയുണ്ടായിരുന്നു. അത് അവന്റെ സ്നേഹനിധിയായ പിതാവിനെക്കുറിച്ചും തന്റെ ഭവനത്തെക്കുറിച്ചുമുള്ള അവന്റെ ചില നല്ല ഓർമ്മകളായിരുന്നു. താൻ ഒരു കാലത്ത് ആയിരുന്ന തന്റെ സ്വർഗതുല്യമായ ഭവനത്തിന്റെ സന്തോഷാവസ്ഥയെത്തെക്കുറിച്ചും ഇപ്പോൾ താൻ വന്നു പെട്ടിരിക്കുന്ന നരക തുല്യമായ അവസ്ഥയെക്കുറിച്ചും അവൻ ചിന്തിച്ചു. അപ്പോൾ അവനു സുബോധം വന്നു. ഈ സുബോധമാണ് അനുതാപത്തിന്റെ ആരംഭം എന്നു നാം ഓർക്കണം. തന്റെ പിതാവിന്റെ ഭവനത്തിലേക്ക് തിരികെച്ചെല്ലുവാൻ അവൻ തീരുമാനിക്കുന്ന അനുഭവമാണ് യഥാർത്ഥത്തിൽ മാനസാന്തരം എന്നു പറയുന്നത്. തീരുമാനം നടപ്പിൽ വരുത്തുവാൻ അവൻ ആയിരിക്കുന്ന അവസ്ഥയിൽ നിന്നും എഴുന്നേറ്റപ്പോൾ അതൊരു പുതിയ ജീവിതത്തിലേക്കുള്ള തിരിച്ചുവരവായി മാറുകയാണ്. ഒരു പുഴു ചിത്രശലഭമായി രൂപാന്തരപ്പെടുന്നതുപോലുള്ള ഒരു രൂപാന്തരത്തിലേക്കാണ് ആ തിരിച്ചുവരവ് അവനെ നയിച്ചത് എന്നു നാം ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇന്നത്തെ മനുഷ്യന് ഏറെ ആവശ്യമായി

രിക്കുന്നത് ഈ രൂപാന്തരത്തിന്റെ അനുഭവമാണെന്ന് ഓർമ്മിപ്പിക്കട്ടെ. പശ്ചാത്താപവിവശനായി പിതാവിന്റെ അടുക്കലേക്കു ചെല്ലുന്ന മകനെ ദൂരവേ ദർശിച്ച ആ പിതാവ് തന്റെ മകന്റെ അടുക്കലേക്കു ഓടിയെത്തി ആലിംഗനം ചെയ്യുമ്പോൾ നാം അവിടെ ദർശിക്കേണ്ടത് ദൈവത്തിന്റെ അപാരമായ സ്നേഹത്തിന്റെ ദിവ്യവും ദീപ്തവും ആയ സുന്ദരമുഖമാണ്. "നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ" എന്ന് അപ്പന്റെ അടുക്കൽ യാചിക്കാൻ ചെല്ലുന്ന മകനെ അങ്ങനെ ഒരു കാര്യം പറയാൻ പോലും അനുവദിക്കാതെ മേൽത്തരമായ അങ്കി കൊടുത്തും കൈക്കു മോതിരം കൊടുത്തും കാലിനു ചെരുപ്പു കൊടുത്തും പുത്രത്വത്തിന്റെ പദവിയിലേക്കു വീണ്ടെടുക്കുന്ന ആ പിതാവ് പുത്രന്റെ മടങ്ങിവരവ് ആഘോഷിപ്പാൻ തടിപ്പിച്ച കാളക്കുട്ടിയെ അറുത്ത് ശ്രേഷ്ഠമായ വിരുന്നൊരുക്കി എല്ലാവരെയും ആ സന്തോഷത്തിൽ പങ്കുചേരാൻ ക്ഷണിക്കുന്നു. തന്റെ പുത്രന്റെ മടങ്ങിവരവിന്റെ സന്തോഷത്തെ ഒരു പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിൽ മാത്രം ഒതുക്കിനിർത്താതെ ഒരു ഭവനത്തിന്റെയും സമൂഹത്തിന്റെയും സന്തോഷമാക്കി മാറ്റുകയാണ് എന്ന കാര്യം വിസ്മരിക്കരുത്. ശരിയായ രൂപാന്തരം ദൈവവും ഒരു വ്യക്തിയും തമ്മിലുള്ള ഒരു ബന്ധത്തിന്റെ പുനഃപ്രതിഷ്ഠ മാത്രമല്ല അതൊരു സമൂഹത്തിന്റെ ഭാഗമാക്കി ആ വ്യക്തിയെത്തീർക്കുന്ന അനുഭവമാണ് എന്ന ദർശനം ക്രിസ്തു ഈ ഉപമയിലൂടെ സഭയ്ക്കും ലോകത്തിനും നൽകുന്ന മഹത്തായ ഒരു പാഠമാണ്. എന്നാൽ ആ ഭവനം സന്തോഷിക്കുമ്പോൾ ആ ഭവനത്തിൽ പിതാവിനോടൊപ്പം താമസിച്ചുകൊണ്ടിരുന്ന മൂത്ത പുത്രൻ മാത്രം ആ സന്തോഷത്തിനു മുഖം തിരിച്ചു നിൽക്കുന്ന കാഴ്ചയും കർത്താവ് തന്റെ ഉപമയിലൂടെ ചിന്തോദ്ദീപകമായി വരച്ചു കാട്ടുന്നുണ്ട്. സ്വന്തം പിതാവിന്റെ മുഖത്തു ദൈവത്തിന്റെ മനുഷ്യമുഖം കാണുവാൻ മൂത്ത പുത്രനു കഴിയുന്നില്ല എന്നു മാത്രമല്ല ധൂർത്ത പുത്രനെ വീണ്ടും സ്വീകരിച്ചതിന്റെ പേരിൽ കുറ്റപ്പെടുത്തുകയും പിതാവിനോടൊപ്പം ഇത്രകാലം ജീവിച്ച തന്നെ വേണ്ടവിധം പിതാവ് മാനിച്ചില്ല എന്നതിൽ പരിഭവപ്പെടുകയും ചെയ്യുന്ന ആ മൂത്തപുത്രൻ യഥാർത്ഥത്തിൽ പിതാവിനോടൊപ്പം ആ ഭവനത്തിൽ കഴിഞ്ഞിരുന്നപ്പോൾ പോലും മനസുകൊണ്ടു ദൂരദേശത്തായിരുന്നില്ലേ എന്നു ചിന്തിക്കേണ്ടതാണ്. എന്തിനും ഏതിനും യാഥാർത്ഥ്യം എന്തെന്നു തിരിച്ചറിയാൻപോലും പരിശ്രമിക്കാതെ സഭയെ വിമർശിക്കുന്നവർ ഇന്നു സഭയ്ക്കുള്ളിലും ആ ഭവനത്തിലെ മൂത്തപുത്രനെപ്പോലെ ഇന്നുണ്ട് എന്നുള്ളത് ഒരു വാസ്തവമല്ലേ എന്നു ആലോചിച്ചു നോക്കുക. യഥാർത്ഥത്തിൽ എല്ലാം നഷ്ടപ്പെടുത്തിയ മകൻ തിരിച്ചുവരുമ്പോൾ അവനെ ഓടിച്ചെന്നു ആലിംഗനം ചെയ്യുന്ന ആ പിതാവിന്റെ സ്നേഹം മനസ്സിലാക്കുവാൻ കഴിയാതെയും പശ്ചാത്താപവിവശനായി തിരികെ വരുന്ന സ്വന്തം അനുജന്റെ മുഖത്ത് വീണ്ടെടുക്കപ്പെടുന്ന മാനവികയുടെ പുതിയ മുഖശോഭ കാണുവാൻ തയ്യാറാകാതെയും അപ്പനെയും സഹോദരനെയും അധിക്ഷേപിച്ച് വ്യക്തിഹത്യ നടത്തുന്ന ആ മകന്റെ പ്രതികരണശൈലി അന്നത്തെ യാഥാസ്ഥിതിക തീവ്രവാദികളായ സദൂക്യരുടെയും പരീശന്മാരുടെയും പ്രതികരണ ശൈലിയായിരുന്നുവെങ്കിൽ അനേകർ സഭയാകുന്ന ഭവനത്തിലും ആ ശൈലിയുമായി നിലകൊള്ളുന്നത് അഭിലഷണീയമാണോ എന്നു സ്വയം വിലയിരുത്തൽ നടത്തേണ്ടതത്രെ.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ഒരു വർഷം സുഖദുഃഖസമ്മിശ്രമായ അനുഭവങ്ങളുടെ ഒരു സംവൽസരമായിരുന്നു. മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലൂടെ വലിയവനായ ദൈവം ക്രൈസ്തവസഭകൾക്കും പൊതുസമൂഹത്തിനും രാഷ്ട്രത്തിനും നൽകിയ അനുഗൃഹീതവരദാനമായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയെ നമ്മുടെ രാഷ്ട്രം പത്മഭൂഷൺ എന്ന അതിശ്രേഷ്ഠമായ ബഹുമതി നൽകി ആദരിച്ച വർഷമാണിത്. സമൂഹത്തിലും സഭയിലും അശരണരും ആലംബഹീനരുമായവർക്ക് കരുതലിന്റെ കരം നീട്ടിയും എല്ലാവരോടും ആദരവോടും സ്നേഹത്തോടും കൂടി വർത്തിക്കുന്ന അഭിവന്ദ്യ തിരുമേനി സദ്ഗുണങ്ങളുടെ ഒരു നിറകുടം കൂടിയാണ്. അഭിവന്ദ്യ തിരുമേനിയുടെ ആത്മാർത്ഥമായ സ്നേഹവും കരുതലും ശ്രേഷ്ഠമായ നേതൃത്വവും എന്റെ ജീവിതത്തിലും ശുശ്രൂഷാരംഗങ്ങളിലും വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നു പറയുന്നതിൽ എനിക്ക് വലിയ സന്തോഷവും അഭിമാനവുമുണ്ട്. തിരുമേനിയിലൂടെ നമുക്കെല്ലാവർക്കും പകർന്നുകിട്ടുന്ന ജീവിതധന്യതയ്ക്കായി നമുക്ക് ദൈവത്തെ സ്തുതിക്കാം. രാഷ്ട്രം പത്മഭൂഷൺ പദവി നൽകി ആദരിച്ച നമ്മുടെ അഭിമാനമായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ 101-ാം ജന്മദിനം ഭാരതത്തിന്റെ സർവ്വാദരണീയനായ ഉപരാഷ്ട്രപതി ശ്രീ. വെങ്കയ്യനായിഡുവിന്റെയും മറ്റു വിശിഷ്ടാതിഥികളുടെയും സാന്നിധ്യംകൊണ്ടും സന്ദേശംകൊണ്ടും, പങ്കാളിത്തംകൊണ്ടും സമ്പന്നമായ ഒരു സദസിന്റെ സാന്നിധ്യംകൊണ്ടും സമുചിതമായി ആഘോഷിപ്പാൻ വലിയവനായ ദൈവം കൃപചെയ്തതോർത്ത് ദൈവത്തെ സ്തുതിക്കാം. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അഭിനന്ദനങ്ങളും ആശംസകളും പത്മഭൂഷൺ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായ്ക്ക് ഒരിക്കൽ കൂടി നേർന്നുകൊള്ളുന്നു. സഭയുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും

അഭിമാനമായി എല്ലാവർക്കും അനുഗ്രഹമായി തുടർന്നും ആയുരാരോഗ്യസൗഖ്യത്തോടു കൂടി പ്രവർത്തിക്കുവാൻ സർവശക്തനായ ദൈവം തിരുമേനിയെ കൂടുതൽ ശക്തീകരിക്കട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.

കഴിഞ്ഞ സഭാമണ്ഡലയോഗത്തിനു ശേഷം നാം പിന്നിട്ട നാളുകളിൽ നമ്മുടെ സഭയെ ഏറെ ദുഃഖത്തിലാഴ്ത്തിയ അനുഭവമായിരുന്നു അഭിവന്ദ്യ ഗീവർഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിയുടെ വേർപാട്. 1969 ൽ പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിച്ച് അനേകം ഇടവകകളിൽ ശുശ്രൂഷകൾ നിർവ്വഹിച്ച ശേഷം 1989 ഡിസംബർ 9 ന് ഗീവർഗീസ് മാർ അത്താനാസ്യോസ് എന്ന നാമധേയത്തിൽ എപ്പിസ്കോപ്പായായി അഭിഷേകം ചെയ്യപ്പെട്ട തിരുമേനി ആദ്യം മുംബൈ-ഡൽഹി ഭദ്രാസനത്തിലും 1993 നവംബർ മുതൽ 2001 സെപ്റ്റംബർ 30 വരെ കോട്ടയം-കൊച്ചി ഭദ്രാസനത്തിലും 2001 ഒക്ടോബർ 1 മുതൽ റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിലും അദ്ധ്യക്ഷനായി ശ്രേഷ്ഠമായ നേതൃത്വം നൽകി. സഭയുടെ അനേകം സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും പല കാലഘട്ടങ്ങളിലായി തിരുമേനി ധന്യമായ നേതൃത്വം നൽകി. 2018 ഏപ്രിൽ 18-ാം തീയതി രാവിലെ 4.40 ന് താൻ പ്രിയംവെച്ച കർത്താവിന്റെ സന്നിധിയിലേക്ക് യാത്രയായ അത്താനാസ്യോസ് തിരുമേനിയുടെ ദർശനങ്ങളും ചിന്തകളും തിരുമേനിയുടെ കൃത്യനിഷ്ഠയോടുകൂടിയുള്ള ജീവിതവും ശുശ്രൂഷകളും സഭയ്ക്ക് ഒരിക്കലും മറക്കുവാൻ കഴിയുകയില്ല. ഏപ്രിൽ 20-ാം തീയതി തിരുമേനിയുടെ കബറടക്ക ശുശ്രൂഷ നടന്നു. വിവിധ സഭകളിലെ മേൽപ്പട്ടക്കാരും വിവിധ മേഖലകളിലുള്ള അനേകരും തിരുമേനിക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. ഉന്നതമായ ദർശനങ്ങൾ ഹൃദ്യവും സുന്ദരവും കാവ്യാത്മകവുമായ പ്രഭാഷണശൈലിയിലൂടെ വിശ്വാസ സമൂഹത്തിന് പകർന്നു കൊടുത്ത തിരുമേനിയുടെ ഉജ്ജ്വലമായ പ്രഭാഷണ ശൈലിയെക്കുറിച്ച് എല്ലാവരുടെയും അനുശോചന പ്രസംഗങ്ങളിൽ പ്രത്യേകം എടുത്തുപറഞ്ഞിരുന്നു. കബറടക്ക ശുശ്രൂഷയുടെ ഭാഗമായുള്ള എല്ലാ ക്രമീകരണങ്ങളും സമുചിതമായി നിർവ്വഹിപ്പാൻ തക്കവണ്ണം കഠിനാദ്ധ്വാനം ചെയ്ത ഏവരോടും തിരുമേനിക്കു വേണ്ട ശുശ്രൂഷകളും പരിചരണവും നൽകിയ പ്രിയപ്പെട്ടവരോടുമുള്ള സഭയുടെ കടപ്പാടും നന്ദിയും പ്രത്യേകം അറിയിക്കുന്നു. അഭിവന്ദ്യ ഗീവർഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കുള്ള ദുഃഖവും അനുശോചനവും അറിയിച്ചുകൊള്ളുന്നു. അഭിവന്ദ്യ ഗീവർഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ ദർശനങ്ങളും തിരുമേനിയെ കുറിച്ചുള്ള സ്മരണകളും ഈ സഭ എന്നും ആദരവോടെ അനുസ്മരിക്കുക തന്നെ ചെയ്യും.

നമ്മുടെ സഭയുടെ സ്വദേശത്തും വിദേശത്തും ഉള്ള ശുശ്രൂഷാ മേഖലകളിൽ സന്തോഷത്തിന്റെ ധാരാളം അനുഭവങ്ങൾ സമൃദ്ധിയായി നൽകി ദൈവം അനുഗ്രഹിച്ച ഇക്കഴിഞ്ഞ നാളുകളെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. പുതുക്കത്തിന്റെയും പുനരുജ്ജീവനത്തിന്റെയും വാതിലുകൾ ദൈവം നമുക്ക് തുറന്നുതന്നു. ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ നാം സ്ഥലം വാങ്ങി പണിത ആദ്യപള്ളിയുടെ കൂദാശ നിർവ്വഹിപ്പാൻ കഴിഞ്ഞത് ചാരിതാർത്ഥ്യജനകമായ അനുഭവമായിരുന്നു. അവിടെയുള്ള രണ്ട് ഇടവക പള്ളികളിലേക്ക് പട്ടക്കാരെ അയയ്ക്കുവാനും കഴിഞ്ഞ വർഷം സാധിച്ചു. കാനഡായിലും നമ്മൾ വാങ്ങി ഉപയോഗിച്ചുവന്ന പള്ളിക്കു പകരം കൂടുതൽ സ്ഥലവും സൗകര്യവുമുള്ള ഒരു പള്ളി ആവശ്യമായി വന്നപ്പോൾ ടൊറൊന്റോയുടെ മുഖ്യ സ്ഥാനത്തുതന്നെ നമുക്ക് സ്ഥലംവാങ്ങി മനോഹരമായ പള്ളി പണിയുവാൻ ടൊറൊന്റോ ഇടവകയ്ക്ക് ദൈവം പകർന്നു നൽകിയ കൃപയ്ക്കായി നമുക്ക് സ്തോത്രം കരേറ്റാം. ഓസ്ട്രേലിയായിൽ സിഡ്നി ഇടവകകയ്ക്കുവേണ്ടി സ്ഥലം വാങ്ങുന്നതിനും പള്ളി പണിയുന്നതിനുള്ള ശിലാസ്ഥാപനം നിർവ്വഹിക്കുന്നതിനും കഴിഞ്ഞു. ഇംഗ്ലണ്ടിൽ ഗ്രീനിച്ച് യൂണിവേഴ്സിറ്റിയുടെ സമീപത്തായി വിസ്തൃതമായ ഒരു സ്ഥലം വാങ്ങുന്നതിന് സെന്റ് ജെയിംസ് ഇടവകയ്ക്ക് ലഭിച്ച ദർശനത്തിനായി ദൈവത്തിന് സ്തോത്രം. അവിടെ പള്ളി പണിയുന്നതിനുള്ള അടിസ്ഥാന ശില ആശീർവദിച്ച് നൽകുന്നതിനും ഇടയായി. നമ്മുടെ നാട്ടിലെ പുരാതനമായ ആനപ്രാമ്പാൽ മാർത്തോമ്മാ പള്ളിയുടെ സ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടുകൂടി സഭയിലെ ഏറ്റവും വിസ്തൃതിയുള്ള ഒരു പള്ളി നിർമ്മിക്കുന്നതിന് അവിടെയുള്ള സാധാരണക്കാരായ ഇടവക ജനങ്ങളുടെ പ്രാർത്ഥനയിൽ ജാഗരിച്ചുകൊണ്ടുള്ള കൂട്ടായ പരിശ്രമത്തിലൂടെ സാധ്യമായത് ഏറ്റവും ആദരണീയമായ ഒരു മാതൃകയായിരുന്നു. നമ്മുടെ നാട്ടിൽ 35 ഭവനങ്ങൾ മാത്രം ഉൾപ്പെടുന്ന തുമ്പമൺ പള്ളിക്കാല സെന്റ് തോമസ് ഇടവക 35 ലക്ഷം രൂപാ മുടക്കി ആരാധനാ സൗകര്യം പുനഃക്രമീകരിച്ചതിൽ അവിടെയുള്ള ഇടവക ജനങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു. ഗൾഫ് മേഖലയിൽ ജനസംഖ്യാ വർദ്ധനവുമൂലം ആരാധനയ്ക്ക് കൂടി വരുന്നതിന് സ്ഥലപരിമിതി അനുഭവപ്പെട്ടതിനാൽ കുവൈറ്റ് അഹമ്മദി ഇടവക രണ്ട് ഇടവകകളായി ക്രമീകരിക്കുന്നതിന് സാധിച്ചു. കുവൈറ്റ് സിറ്റി പാരീഷിന്റെ ആരാധന നടന്നുവന്നിരുന്ന മെറീന ഹാൾ സമീപകാലത്ത് നമുക്ക് നഷ്ടമായി എങ്കിലും അതിനുപകരം മറ്റൊരിടം കണ്ടുപിടിക്കുന്നതിനും പരിമിതികളുടെ മദ്ധ്യത്തിലാണെങ്കിൽ പോലും ആരാധന മുടക്കം കൂടാതെ നടത്തുന്നതിനും ദൈവം അവസരം ഒരുക്കി. അസാധ്യതകളെ സാധ്യതകളാക്കിതീർക്കുന്ന ദൈവത്തിന്റെ വലിയ കൃപയാൽ മെറിനാ ഹാളിൽ തന്നെ മാസത്തിന്റെ ഒന്നും മൂന്നും ആഴ്ചകളിലും അഞ്ചാം

ആഴ്ചയിലും ആരാധന നടത്തുന്നതിനുള്ള അനുവാദം ഇപ്പോൾ വീണ്ടും ലഭിച്ചു എന്നതോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. നമ്മുടെ നാട്ടിലും കേരളത്തിനു വെളിയിലും ദൈവജനത്തിന്റെ പ്രാർത്ഥനയുടെയും പരസ്പര സഹകരണത്തിന്റെയും ഫലമായി പുതിയ പള്ളികളും പുതുക്കപ്പെടുന്ന പള്ളികളും ഉയർന്നുവന്നുകൊണ്ടിരിക്കുന്നു എന്നതോർത്ത് നമുക്ക് ദൈവത്തിന് സ്തുതി കരേറ്റാം. അപ്പോസ്തലനായ വി. പൗലോസിന്റെ ദർശനത്തിൽ നാമെല്ലാവരും ദൈവത്തിന്റെ ജീവനുള്ള മന്ദിരങ്ങളാണ്. നിരന്തരമായ പുതുക്കപ്പെടലിലൂടെ ദൈവത്തിന്റെ ജീവനുള്ള മന്ദിരങ്ങളായി നിരന്തരം വളരുവാൻ നമ്മുടെ ആരാധനാ ജീവിതത്തിലൂടെ ദൈവം ഇടയാക്കിത്തീർക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സഭയുടെ വിവിധ ഇടങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികൾ രൂപപ്പെട്ടുകഴിഞ്ഞു. സഭയിലെ ഓരോ ചുമതലാ സ്ഥാനവും ശുശ്രൂഷാ സ്ഥാനമായി നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ദൈവം നമ്മെ ഓരോ നിയോഗവും നല്കി ഉത്തരവാദിത്വങ്ങൾ ഭരമേല്പിക്കുന്നത് ദൈവത്തോടു ചേർന്ന് ആ ശുശ്രൂഷകൾ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹകരമായിത്തീരുന്ന വിധത്തിൽ നിർവ്വഹിക്കുന്നതിനാണ് എന്ന് നാം എല്ലാവരും ഓർക്കേണ്ടതായിട്ടുണ്ട്.

നമ്മുടെ മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇന്ന് മുന്നേറ്റത്തിന്റെ പാതയിലാണ്. പാഠ്യപാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുവാൻ നമ്മുടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കഴിയുന്നു എന്നത് അഭിമാനകരമായ ഒരു വസ്തുതയത്രെ. മാർത്തോമ്മാ സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ മാനേജരായി ഫലപ്രദമായ നേതൃത്വം നൽകുന്ന ശ്രീമതി ലാലമ്മ വർഗ്ഗീസിനെയും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മികവുറ്റ നേതൃത്വം നൽകുന്ന പ്രിൻസിപ്പൽമാർ, പ്രഥമാദ്ധ്യാപകർ, അദ്ധ്യാപകർ, വിവിധ പിന്തുണ സംവിധാനങ്ങളിൽ ഉൾപ്പെട്ടവർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ദൈവത്തിന്റെ സൃഷ്ടികളായ എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളാണ്. ജീവിതത്തിന്റെ അന്തസ്സുയർത്തിപ്പിടിച്ചു ജീവിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ഈ അവകാശം നിഷേധിക്കപ്പെടുന്നതാണ് ഏറ്റവും വലിയ മനുഷ്യാവകാശധ്വംസനം. മനുഷ്യാവകാശം നിഷേധിക്കപ്പെട്ട് പാർശ്വവൽക്കരിക്കപ്പെട്ടു കഴിഞ്ഞിരുന്ന ട്രാൻസ്ജെന്റർ സഹോദരങ്ങളിലേക്ക് കടന്നുചെല്ലുവാനുള്ള നമ്മുടെ സഭയുടെ പരിശ്രമങ്ങൾ അടുത്തകാലത്ത് സഭ ഏറ്റെടുത്ത ഒരു ദൗത്യമാണ്. മാനവികതയുടെ വ്യക്തിത്വം അംഗീകരിക്കപ്പെടാതെ കഴിഞ്ഞിരുന്ന ട്രാൻസ്ജെന്റർ സഹോദരങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനുള്ള പദ്ധതികൾ ഇന്ന് ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. അവരിലുള്ള ആത്മാഭിമാനത്തെയും കർത്തവ്യബോധത്തെയും മാനവികതയുടെ അന്തസ്സിനേയും അംഗീകരിച്ചും ആദരിച്ചും പരിപോഷിപ്പിച്ചും അവരുടെ ഇടയിൽ സഭ പ്രവർത്തനം ആരംഭിച്ചപ്പോൾ പൊതുസമൂഹത്തിലും അഭിലഷണീയമായ വിധത്തിൽ പ്രതിഫലനങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു എന്നത് ഏറ്റവും ആശാവഹമായ ഒരു വസ്തുതയത്രെ. സ്ത്രീ, പുരുഷൻ എന്ന് രണ്ടായി പറയുന്നത് കൂടാതെ ഒരു മൂന്നാം ജെന്ററായി ട്രാൻസ്ജെന്റർ സഹോദരങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള നിയമ നിർമ്മാണവും അനുബന്ധ നടപടികളും സർക്കാർ തലത്തിൽ ഇന്ന് നടപ്പിലായിക്കൊണ്ടിരിക്കുന്നു എന്നത് പ്രതീക്ഷകളുണർത്തുന്ന ഒരു വസ്തുതയത്രെ.

ഈ മണ്ഡലത്തിന്റെ പഠനവിഷയമായി നാം തെരഞ്ഞെടുത്തിരിക്കുന്നത് 'ക്രിസ്തീയ ശിഷ്യത്വം- ദർശനങ്ങളും വെല്ലുവിളികളും മാറുന്ന ലോകത്തിൽ' എന്നതാണ്. ക്രിസ്തുവിന്റെ ശിഷ്യരാകുവാൻ ക്രിസ്തുവിനാൽ വിളിക്കപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ടവരാണ് യഥാർത്ഥ ക്രിസ്തു ശിഷ്യർ. ക്രിസ്തു ഒരുവനെ വിളിക്കുമ്പോൾ തന്റെ നിയോഗത്തിന്റെ ക്രൂശെടുത്ത് തന്നെ അനുഗമിക്കുവാനാണ് വിളിക്കുന്നത്. ക്രിസ്തു ശൈലിയിലേക്കുള്ള രൂപാന്തരപ്പെടലാണ് ക്രിസ്തീയ ശിഷ്യത്വം. പിതാവായ ദൈവത്താൽ വിളിക്കപ്പെട്ടും പുത്രനായ ദൈവത്തിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് ശുദ്ധീകരിക്കപ്പെട്ടും പരിശുദ്ധാത്മാവാകുന്ന ദൈവത്താൽ പരിപാലിക്കപ്പെട്ടും രൂപപ്പെട്ടുവരുന്ന ഒരു ജീവിതനിർമ്മിതിയാണ് ശരിയായ ശിഷ്യത്വം എന്ന ദർശനം വിശുദ്ധ വേദപുസ്തകം നമുക്ക് നൽകുന്ന ത്രിത്വദർശനാധിഷ്ഠിതമായ ശിഷ്യത്വദർശനമാണ്. ക്രിസ്തു ശിഷ്യത്വം ക്രിസ്തുവുമായുള്ള കൂടിച്ചേരലാണ്. യേശു പറഞ്ഞു – "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളുമാകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ അവൻ വളരെ ഫലം കായിക്കും. എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല" (യോഹ. 15:5). ഗുരു ഒരു മുന്തിരിവള്ളിയാണെങ്കിൽ ശിഷ്യർ അതിന്റെ കൊമ്പുകളാണ്. ഒരു മുന്തിരിവള്ളിയുമായുള്ള ബന്ധത്തിൽ ഒരു കൊമ്പിന്റെ ശിഷ്യത്വം എന്നു പറയുന്നത് കൊമ്പ് മുന്തിരിവള്ളിയിൽ വസിക്കുന്ന അനുഭവമാണ്. ആ ശിഷ്യത്വത്തിൽ കൊമ്പ് ആയിരിക്കുമ്പോൾ മാത്രമാണ് മുന്തിരിവള്ളിയുടെ മധുരഫലങ്ങൾ കൊമ്പിന് ഈ ഭൂമിക്ക് നൽകുവാൻ കഴിയുന്നത്. ഈ പശ്ചാത്തലത്തിൽ ക്രിസ്തീയ ശിഷ്യത്വത്തിന്റെ വെല്ലുവിളികൾ എന്തെല്ലാമാണെന്ന് നാം കണ്ടെത്തേണ്ടതായിട്ടുണ്ട്. എന്നാൽ ഒരു കാര്യം നമുക്ക് ഉറപ്പായി പറയാൻ കഴിയും. ഒരു കൊമ്പിന്

മുന്തിരിവള്ളിയിൽ വസിപ്പാൻ തടസമായിരിക്കുന്നതെല്ലാം കൊമ്പിന്റെ ശിഷ്യത്വത്തിന് വെല്ലുവിളികളാണെങ്കിൽ ക്രിസ്തുവിൽ വസിക്കുന്നതിന് തടസ്സമായി നിൽക്കുന്നതെല്ലാം ക്രിസ്തീയ ശിഷ്യത്വത്തിനും വെല്ലുവിളികളാണ്. അർദ്ധരാത്രിയുടെ അന്ധകാരത്തിലും കടലിൻമേൽ നടന്നുവരുന്ന യേശുവിനെ കണ്ടിട്ട് പടകിൽ നിന്നിറങ്ങി ആവേശപൂർവ്വം കടലിന്റെ മീതെ നടക്കുവാൻ ശ്രമം ആരംഭിച്ച ക്രിസ്തു ശിഷ്യനായ പത്രോസിന്റെ ശ്രദ്ധ യേശുവിൽ നിന്നും മാറിപ്പോവുകയും ഓളങ്ങളും തിരമാലകളും പത്രോസിന്റെ ശ്രദ്ധയെ പിടിച്ചുകുലുക്കുകയും ചെയ്തപ്പോൾ പത്രോസ് വെള്ളത്തിൽ മുങ്ങിപ്പോകാൻ തുടങ്ങി എന്നു പറഞ്ഞതുപോലെ ഇന്ന് അനേകരും പലവിധമായ സമ്മർദ്ദങ്ങളുടെ ഫലമായി പലരും ശിഷ്യത്വത്തിൽ പതറിപ്പോയി പ്രശ്നങ്ങളുടെ പ്രളയജലത്തിൽ മുങ്ങിപ്പോകുന്നു എന്നത് ശിഷ്യത്വം അഭിമുഖീകരിക്കുന്ന ഒരു വലിയ വെല്ലുവിളിതന്നെയാണ്. എന്നാൽ മാറുന്ന ലോകത്തിൽ നാം കാണുന്ന ഏറ്റവും വലിയ വെല്ലുവിളി ക്രിസ്തുവിനെ നോക്കി യാത്ര തിരിച്ചവർ ഇടയ്ക്കുവെച്ച് ലോകമോഹങ്ങളുടെ മായാജാലങ്ങളുടെ പ്രലോഭനത്തിൽ മയങ്ങിപ്പോയതുമൂലം ക്രിസ്തുവിൽ നിന്നും ശ്രദ്ധതിരിച്ച് ലോകമായകളുടെ പ്രളയജലത്തിൽ മുങ്ങിത്താണുകൊണ്ടിരിക്കുന്നു എന്നതാണ്. രഹസ്യ കുമ്പസാരവും വേണ്ടത്ര പരിശീലനം സിദ്ധിക്കാത്ത പക്വതയില്ലാത്തവരുടെ കൗൺസിലിംഗും എല്ലാം ചിലപ്പോഴെങ്കിലും ദുരപയോഗം ചെയ്യപ്പെടുന്നുവെന്നത് എത്രയോ സങ്കടകരമായ വസ്തുതയാണ്. ഇവയെല്ലാം തന്നെ ക്രിസ്തീയ ശിഷ്യത്വത്തിന്റെ ദൈവീക ശോഭ കെടുത്തിക്കളയുന്ന വെല്ലുവിളികളാണ് എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ക്രിസ്തീയ ശിഷ്യത്വം ലോകം തിരിച്ചറിയുന്നത് നമ്മുടെ പ്രഖ്യാപനങ്ങളിലൂടെയല്ല, നമ്മുടെ സാക്ഷ്യത്തിലൂടെയാണ്. "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിലെല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികളാകും'' (അപ്പൊ. 1:8). ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ പ്രത്യക്ഷതകളിലൂടെ തന്റെ ശിഷ്യരെ ശക്തീകരിച്ച ശേഷം സ്വർഗ്ഗാരോഹണം ചെയ്യുന്ന വേളയിൽ നൽകിയ ഈ പ്രബോധനം ശ്രദ്ധേയമാണ്. ക്രിസ്തീയ ശിഷ്യത്വം പ്രകാശിതമാകേണ്ടത് ഈ സാക്ഷ്യത്തിലൂടെയാണ്. ബന്ധങ്ങൾ തകരുന്ന ആധുനിക കാലഘട്ടത്തിൽ സഭ ലോകത്തിന് നൽകേണ്ടത് ഈ അനുരഞ്ജനത്തിന്റെ സാക്ഷ്യമാണ്. ഇന്ന് ലോക രാഷ്ട്രീയ രംഗത്ത് അമേരിക്കൻ പ്രസിഡന്റും റഷ്യൻ പ്രസിഡന്റും തമ്മിലും, അമേരിക്കൻ പ്രസിഡന്റും ഉത്തര കൊറിയൻ പ്രസിഡന്റും തമ്മിലും ഒരുമിച്ചിരുന്ന് സംസാരിക്കാനുള്ള അന്തരീക്ഷം ഒരുക്കപ്പെട്ടത് ലോകസമാധാനത്തിന് പ്രതീക്ഷ നൽകുന്ന ചരിത്രസംഭവങ്ങളാണ്. ലോകാദരണീയനായ ദക്ഷിണാഫ്രിക്കൻ പ്രസിഡന്റായിരുന്ന നെൽസൺ മണ്ടേലയുടെ ജന്മശതാബ്ദി വർഷമാണ് 2018. സ്വാതന്ത്ര്യസമര പോരാട്ടത്തിന് നേതൃത്വം നൽകിയതിന്റെ പേരിൽ വെള്ളക്കാർ തനിക്ക് നൽകിയ 27 വർഷം നീണ്ട ജയിൽവാസത്തിനൊടുവിൽ 1990 ൽ ജയിൽ വിമോചിതനായ നെൽസൺ മണ്ടേല 4 വർഷങ്ങൾക്കുശേഷം ദക്ഷിണാഫ്രിക്കയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്തുകൊണ്ട് 1994 മെയ് 10-ാം തീയതി ജോഹന്നാസ് ബർഗിൽ ചെയ്ത പ്രസംഗത്തിൽ, തന്നെ ജയിലിൽ അടച്ചവരെപ്പോലും ഒരു വാക്കുകൊണ്ടുപോലും ആക്ഷേപിക്കാതെയാണ് സംസാരിച്ചത് എന്നുള്ളത് അനുരഞ്ജനത്തിന്റെ ഒരു സാക്ഷ്യപത്രമാണ്. അന്ന് ആ മഹാത്മാവ് പ്രസംഗിച്ചതിപ്രകാരമാണ്-

''ഇനിയൊരിക്കലും ഈ സുന്ദരഭൂമിയിൽ ഒരുവൻ മറ്റൊരുവനെ അടിച്ചമർത്താതിരിക്കട്ടെ. ആരുടേയും അഭിമാനത്തിന് ക്ഷതമേൽക്കാതിരിക്കട്ടെ. സ്വാതന്ത്ര്യം ഭരിക്കട്ടെ. മുറിവുകളുണക്കാനുള്ള സമയമായിരിക്കുന്നു. നമ്മെ അകറ്റിയ ഗർത്തങ്ങൾക്കു മീതെ പാലം പണിയുവാനുള്ള സമയമായിരിക്കുന്നു. അത് പണിയാനുള്ള സമയം നമ്മുടെ കൈകളിലാണ്".

നെൽസൺ മണ്ടേലയുടെ വാക്കുകൾ അനുരഞ്ജനത്തിന്റെ സുവിശേഷദർശനം ഉൾക്കൊള്ളുന്ന സാക്ഷ്യത്തിന്റെ വാക്കുകളാണ്. നമ്മുടെ രാഷ്ട്രം സ്വാതന്ത്ര്യത്തിന്റെ 71 സംവത്സരങ്ങൾ പിന്നിട്ടിരിക്കുമ്പോൾ ഈ അനുരഞ്ജനത്തിന്റെ വഴികളിലൂടെ നടക്കുവാൻ നാനാത്വത്തിൽ ഏകത്വം ദർശിക്കുന്ന നമ്മുടെ രാജ്യത്തിന് എത്രമാത്രം കഴിയുന്നുണ്ട് എന്നു നാം ചിന്തിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ പലയിടങ്ങളിലും അക്രമത്തിന്റെ അതിക്രൂരവും മനുഷ്യത്വരഹിതവുമായ സംഭവങ്ങൾ ഇന്നും അരങ്ങ് തകർത്തുകൊണ്ടിരിക്കുകയല്ലേ? ദൈവത്തിന്റെ സ്വന്തം നാടെന്ന് വിശേഷിപ്പിക്കുന്ന നമ്മുടെ കേരളത്തിന്റെ അവസ്ഥതന്നെ വിലയിരുത്തപ്പെടേണ്ടതായിട്ടുണ്ട്. നമ്മുടെ രാഷ്ട്രത്തിന്റെ സർവ്വാദരണീയനായ സന്യാസി ശ്രേഷ്ഠനായിരുന്ന സ്വാമി വിവേകാനന്ദന്റെ ഷിക്കാഗോ പ്രസംഗത്തിന്റെ 125-ാം വർഷം കൂടിയാണിത് എന്ന് നാം ഓർക്കേണ്ടതായിട്ടുണ്ട്. ഷിക്കാഗോയിലെ ചരിത്രപ്രസിദ്ധമായ ആ പ്രസംഗത്തിൽ സ്വാമി വിവേകാനന്ദൻ ഇപ്രകാരം പറഞ്ഞു -

"വിഭാഗീയത, മർക്കടമുഷ്ടി, അതിന്റെ ഭയങ്കരനായ പിൻഗാമിയായ മതഭ്രാന്ത് എന്നിവ സുന്ദരമായ ഈ ഭൂമിയെ വളരെക്കാലമായി ഗ്രസിച്ചിരിക്കുന്നു. അവ ഭൂമിയെ അക്രമവാസനകൾ കൊണ്ട് നിറയ്ക്കുന്നു. പലപ്പോഴും മനുഷ്യരക്തത്തിൽ കുതിർക്കുന്നു. സംസ്കാരത്തെ നശിപ്പിക്കുന്നു, രാഷ്ട്രങ്ങളെ മുഴുവൻ

നിരാശയിലേക്ക് തള്ളിവിടുന്നു, ഈ ദുർഭൂതങ്ങളില്ലായിരുന്നെങ്കിൽ മനുഷ്യസമൂഹം ഇന്നുള്ളതിനെക്കാൾ ഏറെ വികാസം പ്രാപിക്കുമായിരുന്നു" എത്രയോ ചിന്തോദ്ദീപകങ്ങളായ വാക്കുകളാണ് ഇവയെന്ന് ഓർക്കുക. സ്വാമി വിവേകാനന്ദൻ പണ്ടൊരിക്കൽ കേരളം സന്ദർശിച്ചപ്പോൾ കേരളത്തെ ഒരു ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ചത് ഇവിടെയുള്ള ജാതി വിവേചനത്തിന്റെ ഭീകരത കണ്ടിട്ടായിരുന്നു. എന്നാൽ ഇന്ന് ഏതെല്ലാം തരത്തിലുള്ള വിവേചനങ്ങളാണ് പലരും അനുഭവിച്ചുകൊണ്ടിരിക്കുന്നത് എന്നത് നാം ഓർക്കണം. ഇവിടെ ആദിവാസികൾ അതിക്രൂരമായ പീഡനങ്ങൾക്കിരയാകുന്നു. സ്ത്രീകളും കുഞ്ഞുങ്ങളും പീഡിപ്പിക്കപ്പെടുന്നു. അന്യസംസ്ഥാന തൊഴിലാളികൾ പലയിടത്തും ആക്രമിക്കപ്പെടുന്നു. കലാലയ രാഷ്ട്രീയത്തിന്റെ വഴി പിഴച്ച പോക്കിൽ അനേകം വിദ്യാർത്ഥികളുടെ ജീവിതം ബലികഴിക്കപ്പെടുന്നു. സ്വന്തം കുഞ്ഞുങ്ങളുടെ സംരക്ഷകരാകേണ്ട മാതാപിതാക്കൾ പോലും അവരെ പീഡിപ്പിക്കുന്നു. കാവൽക്കാരായി നിൽക്കേണ്ടവർ കവർച്ചക്കാരായി മാറുന്നു. ഇതെല്ലാം നാമിന്ന് അഭിമുഖീകരിക്കുന്ന വെല്ലുവിളികളാണ്. ഈ അവസ്ഥയ്ക്ക മാറ്റം വരണം. മാനവികതയുടെ ഒരു പുതുവസന്തം ഇവിടെ ഉദിക്കണം. ഇക്കാര്യത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും പ്രോത്സഹനം നൽകേണ്ടതും നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

പ്രിയമുള്ളവരേ, നാം ഇന്ന് സങ്കീർണ്ണമായ പ്രശ്നങ്ങളുടെ ഒരു കാലഘട്ടത്തിലാണ് ജീവിക്കുന്നത്. ബന്ധങ്ങൾ തകരുന്ന സ്ഥാനത്ത് അനുരഞ്ജനം രൂപപ്പെടുത്താനും അശാന്തി പടരുന്ന സ്ഥാനത്ത് ശാന്തി പകരുവാനും അധാർമ്മികതയുടെ ദുർഗന്ധം പടരുന്ന സ്ഥാനത്ത് ക്രിസ്തീയ ധാർമ്മിക മൂല്യങ്ങളുടെ സുഗന്ധം പകരുവാനും സ്നേഹരാഹിത്യത്തിന്റെയും അസത്യത്തിന്റെയും ഇരുട്ട് മൂടപ്പെടുന്ന സ്ഥാനത്ത് സ്നേഹത്തിന്റെയും സത്യത്തിന്റെയും വെളിച്ചം പകരുവാനും അശരണരെയും അനാഥരെയും കൈവിട്ടുകളയുന്ന ലോകത്തിൽ സനാഥത്വത്തിന്റെ കരം കൊടുക്കുവാനും ആണ് നമ്മുടെ കർത്താവിന്റെ ശരീരമായ സഭ ലോകത്തിൽ നിയോഗിക്കപ്പെട്ടിരിക്കുന്നത്.

ഭാരതം ഹൃദയത്തോടു ചേർത്തുനിർത്തി സ്നേഹിച്ച നമ്മുടെ ആദരണീയമായ മുൻ പ്രസിഡന്റ് ഡോ. എ.പി.ജെ. അബ്ദുൾ കലാം അദ്ദേഹം പ്രസിഡന്റായിരിക്കുമ്പോൾ രാഷ്ട്രപതി ഭവനിലെ മുഗൾഗാർഡനിലൂടെ തന്റെ ഒരു സുഹൃത്തുമൊത്ത് നടക്കുമ്പോൾ അവിടെ ഒരു മുല്ലച്ചെടി പൂത്തുലഞ്ഞു നിൽക്കുന്നതു കാണുകയുണ്ടായി. ആ ചെടിയിൽ വിരിഞ്ഞുനിൽക്കുന്ന പൂക്കളും വിരിയാൻ ഒരുങ്ങി നിൽക്കുന്ന പൂമൊട്ടുകളും ഉണ്ടായിരുന്നു. ഡോ. കലാം ആ ചെടിയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് തന്റെ സുഹൃത്തിനോട് ചോദിച്ചു–'മുല്ലമൊട്ടും വിടരുന്ന മുല്ലപ്പൂവും തമ്മിൽ പറയുന്നതെന്താണെന്ന് താങ്കൾക്ക് ഊഹിക്കാമോ?" തുടർന്ന് ഡോ. കലാം തന്നെ ഉത്തരം പറഞ്ഞു– "മുല്ലമൊട്ട് ചോദിക്കുന്നു– നമ്മൾ എന്തിനാണ് മറ്റുള്ളവർക്കായി സുഗന്ധം പരത്തി മരിക്കുന്നത്?'' മുല്ലപ്പൂവിന്റെ മറുപടി എന്താണെന്നറിയാമോ? "മുല്ലപ്പൂവ് പറയുകയാണ്–മറ്റുള്ളവർക്കായി വിടരുന്നതാണ് നമ്മുടെ ധർമ്മം. മറ്റുള്ളവർക്കായി സുഗന്ധം പരത്തുന്നതാണ് നമ്മുടെ ധർമ്മം. അതാണ് കുഞ്ഞേ, നമ്മുടെ ജീവിതത്തെ സുന്ദരവും സുരഭിലവുമാക്കി അർത്ഥവത്താക്കിത്തീർക്കുന്നത്". ഈ സന്ദേശം എത്രയോ ഹൃദ്യവും ചിന്തനീയവുമാണ്! നമ്മുടെ ജീവിതത്തെ കർത്താവിനു പ്രസാദമുള്ള സൗരഭ്യയാഗമാക്കിത്തീർക്കുന്നതിലൂടെ നമുക്കും ചുറ്റുപാടുകൾക്ക് സുഗന്ധം കൊടുക്കുന്ന ജീവിതമാക്കി നമ്മുടെ ജീവിതത്തെയും മാറ്റാം. യെശയ്യാവ് പ്രവാചകൻ പറയുന്നു–"എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു. യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജാതികളെയും മൂടുന്നു; നിന്റെ മേലോ യഹോവ ഉദിക്കും; അവന്റെ തേജസ്സും നിന്റെ മേൽ പ്രത്യക്ഷമാകും" (യെശയ്യാവ് 60:1, 2). ലോകത്തിന്റെ വെളിച്ചമായ ക്രിസ്തു നമ്മോടു പറയുന്നു–"അങ്ങനെതന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി. 5:16). ദൈവകൃപയുടെ വെളിച്ചം നുകർന്നും ദൈവനാമത്തിനു മഹത്വം കരേറ്റുന്ന വിധത്തിൽ നന്മയുടെ വെളിച്ചം പകർന്നും പ്രകാശപൂരിതമായ ജീവിതം ക്രിസ്തുവിൽ വസിച്ചുകൊണ്ടും ക്രിസ്തുവിൽ രൂപാന്തരപ്പെട്ടും നാം വസിക്കുന്ന ലോകത്തെ രൂപാന്തരപ്പെടുത്തി രൂപപ്പെടുത്തുവാൻ ദൈവം എല്ലാവരെയും യോഗ്യരും പ്രാപ്തരുമാക്കിത്തീർക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈ അദ്ധ്യക്ഷപ്രസംഗം ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

*കൃപ നിങ്ങളേവരോടും കൂടെ ഇരിക്കുമാറാകട്ടെ.*

തിരുവല്ല
28-08-2018

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**